അലോപ്പതി ഡിസ്പെൻസറികളും 1 ആയുർവേദ ആശുപത്രിയും പ്രവർത്തിക്കുന്നു. കൂടാതെ ഹെൽത്ത് എക്സ്റ്റൻഷൻ വർക്കിന്റെ ഭാഗമായി ആരോഗ്യ വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. ഏതെങ്കിലും പ്രദേശങ്ങളിൽ സാംക്രമിക രോഗം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ അതിനെതിരെ പ്രതിരോധ നടപടികൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പും മറ്റുമായി ചേർന്ന് സ്വീകരിച്ചു വരുന്നുണ്ട്. മാനന്തവാടിയിൽ പട്ടികവർഗ്ഗക്കാർക്ക് മാത്രമായി ഒരു ഹെൽത്ത് പ്രോജക്ടും അട്ടപ്പാടിയിൽ ആശുപത്രിയുടെ ഒരു ഒ.പി. വിഭാഗവും ഇപ്പോൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ആദിവാസി കോളനികളിലെ മയക്കുമരുന്ന് ഉപയോഗം

7 (790)ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. എം.കെ. മുനീർ :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി കോളനിവാസികൾ മയക്കുമരുന്നുകൾക്ക് അടിമപ്പെടുന്നതായ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രവണതയിൽ നിന്നും കോളനി നിവാസികളെ മോചിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(സി) കോളനികളിൽ മയക്കുമരുന്നിന്റെ ലഭ്യത തടയുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(സി) ഉണ്ട്. മയക്കുമരുന്നിനെതിരെ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. കൂടാതെ പരിശോധനകൾ നടത്തി മയക്കുമരുന്ന് വിൽപ്പന നടത്തുവാൻ ശ്രമിക്കുന്നവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ചു വരുന്നു. കഴിഞ്ഞ വർഷം നിയമിതരായ സാമൂഹ്യ പ്രചോദകർ (സോഷ്യൽ ആക്റ്റിവിസ്റ്റ്സ്) ഇക്കാര്യത്തിൽ ആദിവാസികളെ ബോധവാൻമാരാക്കാൻ ശ്രമിക്കുന്നുണ്ട്.

ആദിവാസി കോളനികളിലെ പട്ടിണിമരണം

8 (791)ശ്രീ. ഇസ്ഹാക്ക് കുരിക്കൾ :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ആദിവാസി കോളനികളിൽ പട്ടിണിമരണം ഉണ്ടായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly